അമ്മത്താറാവും കുഞ്ഞുങ്ങളും

കിങ്ങിണിക്കാട്ടിലെ കുളക്കരയിൽ സുന്ദരിയായ ഒരു താറാവുണ്ടായിരുന്നു അവളുടെ പേരാണ് മിന്നുതാറാവ് അവൾക്ക് നാല് മക്കളും ഉണ്ടായിരുന്നു അവൾ മണ്ണിരയെ പിടിച്ച് മക്കൾക്ക് തീറ്റ കൊടുക്കുമായിരുന്നു കുറച്ചു ദിവസങ്ങൾക്കു ശേഷം മക്കൾക്ക് നീന്താനൊക്കെയുള്ള വലുപ്പമായി അവൾ നാല് മക്കളെയും കൊണ്ട് കുളത്തിനടുത്തെത്തി പതിയെ വെള്ളത്തിലിറങ്ങി മക്കളെയും വെള്ളത്തിലിറക്കി അവർ നാലു പേരും ആദ്യമായി വെള്ളത്തിലിറങ്ങി അവർക്കത് പുതിയ ഒരു അനുഭവമായിരുന്നു നാലു പേരും നീന്തി മറിഞ്ഞു കളിച്ചു ഒരു താറാവ് അമ്മത്താറാവിന്റെ പുറത്തു കയറി തുള്ളിച്ചാടി കളിച്ചു അപ്പോഴാണ് തുമ്പികൾ പറക്കുന്നത് കണ്ടത് അതൊക്കെ പുതിയ കാഴ്ചകളായിരുന്നു തന്റെ മക്കൾ കുളത്തിൽ നീന്തി കളിക്കുന്നതൊക്കെ കണ്ട് മിന്നുതാറാവിന് സന്തോഷമായി.

ശിവമിത